പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T 3980 — 19.03.2018-ൽ മറുപടിക്ക്

## എണ്ണ സംഭരണ ടാങ്കുകൾ കൃഷി ഭൂമിയിൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സണ്ണി ജോസഫ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പയ്യന്നൂർ റെയിൽവേ സ്റ്റേഷനും, പെരുമ്പ പുഴയ്ക്കും മദ്ധ്യേ നെൽവയലും തണ്ണീർത്തടവും ഉൾപ്പെട്ട 129.74 ഏക്കർ കൃഷി ഭൂമി എണ്ണക്കമ്പനികൾക്ക് സംഭരണ ടാങ്കുകൾ നിർമ്മിക്കുവാൻ വിട്ട് കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) BPCL/HPCL കമ്പനിക്ക് ഓയിൽ ഡിപ്പോ സ്ഥാപിക്കുന്നതിന് പയ്യന്നൂർ അംശം കണ്ടംകാളി ദേശത്ത് 85 ഏക്കർ ഭൂമി RFCT LARR Act, 2013 പ്രകാരം ഏറ്റെടുക്കുവാൻ സർക്കാരുത്തരവായിട്ടുണ്ട്. |
| (ബി) പയ്യന്നൂരിന്റേയും പരിസരഗ്രാമപ്രദേശങ്ങളുടെയും ജലസംഭരണികളായ ഈ പ്രദേശത്തിന്റെ പരിസ്ഥിതി പ്രാധാന്യം കണക്കിലെടുക്കാതെ പ്രസ്തുത പ്രദേശം നികത്തുന്നത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ലംഘനമാകില്ലേയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ? | (ബി) BPCL/HPCL കമ്പനിക്ക് ഓയിൽ ഡിപ്പോ സ്ഥാപിക്കുന്നതിന് വേണ്ടി ഏറ്റെടുക്കുന്ന ഭൂമിയിൽ RFCT LARR Act, 2013 പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം, ആയതിൻമേൽ എക്സ്പേർട്ട് കമ്മറ്റിയുടെ മേൽ പരിശോധന, കൂടാതെ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന ഭൂമിയിൽ സർക്കാർ തലത്തിൽ തീരുമാനം എന്നിവ പരിഗണിച്ച് മാത്രമേ ടി ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടരുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**